## നിശ്ചയങ്ങൾ

1-ഇത് വെറും ഒരു സിംമ്പിൾ ലൈസൻസ് മാത്രമാണ്. ലൈസൻസ് കപ്പിൾസ് വിത്ത് ഇൻട്രസ്റ്റോ ലീസോ മറ്റു വല്ല അറേഞ്ച് മെന്റോ അല്ല. ഇപ്പോഴുള്ള നിയമങ്ങൾ അനുസരി ച്ചോ മേലാൽ ഉണ്ടാകാൻ ഇടയുള്ള നിയമങ്ങൾ അനുസരിച്ചോ ഇത് ലീസാണെന്നോ ലൈസൻസ് അല്ലെന്നോ വാദിക്കുവാൻ 1-ാം പാർട്ടിക്ക് അധികാരവകാശം ഉണ്ടായിരിക്കുന്നതല്ലെന്ന് നിശ്ചയിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

2-മേൽപറഞ്ഞ കെട്ടിട മുറികൾക്ക് 1-ാം പാർട്ടി ലൈസൻസ്ഫീ ആയി ഇന്ന് മദ്ധ്യസ്ഥന്മാർ മുഖേന **മാസം പ്രതി 1250 രൂപ (ഒരായിരത്തിരണ്ടായിരത്തിഅമ്പത്)** എല്ലാ മാസവും 1-ാം തിയ്യതി 1-ാം പാർട്ടി 2-ാം പാർട്ടിക്ക് ലൈസൻസ്ഫീ കൊടുത്ത് രസീതി വാങ്ങേണ്ടതാണ്.

3-മേൽവിവരിച്ച മുറി ഇലക്ട്രിക് സംബന്ധമായ സ്ഥാപനം നടത്തുന്ന ആവശ്യത്തിന് വേണ്ടി മാത്രം ഉപയോഗിക്കുന്നതല്ലാതെ മറ്റ് യാതൊരുവിധ ആവശ്യത്തിന്നും വിനിയോഗിക്കുവാൻ പാടില്ല. ഗവൺമെന്റ് നിരോധിച്ച നിയമവിരുദ്ധമായ സ്ഫോടക വസ്തുക്കളോ ലഹരി പദാർത്ഥങ്ങളോ മറ്റോ സൂക്ഷിക്കാനോ വിൽക്കാനോ പാടില്ല. ഈ ലൈസൻസ് അവകാശം കൈമാറാവുന്നതല്ല. കൈമാറിയാൽ ഈ ലൈസൻസ് അവകാശം സ്വമേധയാ റദ്ദാവുന്നതാണ്.

4-ലൈസൻസ്ഫീയുടെ ഉറപ്പിലേക്കും കെട്ടിടത്തിന് കേടുപാടുകൾ വരാതിരിക്കാനും സെക്യൂരിറ്റിയായി **5,000 രൂപ (അയ്യായിരം)** 1-ാം പാർട്ടിയാൽ 2-ാം പാർട്ടിക്ക് അഡ്വാൻസായി റൊക്കം കിട്ടി ബോദ്ധ്യംവരികയും ചെയ്തിരിക്കുന്നു. മേൽവിവരിച്ച കെട്ടിട മുറി എപ്പോഴും 2-ാം പാർട്ടിയുടെ ഉടമസ്ഥതയിലും കൈവശത്തിലും തന്നെയായിരിക്കും.

5-ഈ ലൈസൻസ് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ മാത്രം ഉപയോഗിക്കുന്ന മേൽ വിവരിച്ച മുറി 1-ാം പാർട്ടിയുടെ ഉപയോഗത്തിന്ന് തടസ്സമാകാത്തവിധം കെട്ടിടമുറികുടേയും മറ്റും സ്ഥിതി പരിശോധിക്കുവാൻ 2-ാം പാർട്ടിക്ക് എപ്പോഴും അധികാരവകാശമുണ്ടായിരിക്കുന്നതാണ്. 2-ാം പാർട്ടി മുറികളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും പരിസര റൂമുകൾക്കും പൊതുജനങ്ങൾക്കും ശല്യമാകുന്ന വിധത്തിൽ യാതൊരുവിധ പ്രവർത്തനവും റൂമിനകത്തോ പുറത്തോ മറ്റോ പാടില്ലാത്തതും ആകുന്നു.

1-ാം പാർട്ടി ............................................

2-ാം പാർട്ടി K. Aboo ............................................